മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 75 ലക്ഷം രൂപാ കടമായും 15 ലക്ഷം രൂപാ ഗ്രാൻറായും അനുവദിച്ചിട്ടുണ്ട്.

(ബി) 1. എറണാകുളം മട്ടാഞ്ചേരി ജലവിതരണപദ്ധതി,
2. തൃശ്ശൂർ ജലവിതരണപദ്ധതി,
3. കോട്ടയം ജലവിതരണപദ്ധതി,
4. കൊല്ലം ജലവിതരണപദ്ധതി,
5. എറണാകുളം മട്ടാഞ്ചേരി ഡ്രയ്നേജ് പദ്ധതി,
6. തിരുവനന്തപുരം ഡ്രെയിനേജ് പദ്ധതി, (B & C Blocks)
7. കുട്ടനാട് പ്രോജക്ട്,
8. നാഞ്ചിനാട് പ്രോജക്ട്,
9. മാവേലിക്കര തിരുവല്ലാ പ്രോജക്ട്,
10. വൈപ്പിൻ പ്രോജക്ട്,
11. കന്യാകുമാരി ജലവിതരണപദ്ധതി.

ഈ പദ്ധതികളിൽ കടമായി അനുവദിച്ചിട്ടുള്ള 75 ലക്ഷം രൂപാ ആദ്യത്തെ ആറു പദ്ധതികൾക്കുവേണ്ടിയും, ഗ്രാൻറായി അനുവദിച്ചിട്ടുള്ള 15 ലക്ഷം രൂപാ ഒടുവിലത്തെ അഞ്ചു പദ്ധതികൾക്കും വിനിയോഗിക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്.

(സി) കന്യാകുമാരി ജലവിതരണപദ്ധതിയുടെ ജോലി ആരംഭിച്ചുകഴിഞ്ഞു. തൃശ്ശൂർ ജലവിതരണപദ്ധതിയുടെ ജോലി ഉടൻ ആരംഭിക്കുന്നതാണ്.

Training of Primary School Teachers.

*667. [34] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state:

(*a*) the number of Primary School Teachers that are under Training this year; and

(*b*) the number of Primary School trained hands that are awaiting appointment?

Chief Minister (**Shri Panampilli Govinda Menon**): (*a*) 622.

(*b*) 4134.

തൊഴിലാളി സമരം സംബന്ധിച്ചെടുത്ത കേസുകൾ.

*668. [36] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പോലീസ്വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തേയില തോട്ടങ്ങളിൽ, പീരിമേട് സ്റ്റേഷനിൽ മാത്രമായി പോലീസ് തൊഴിലാളികളുടെ പേരിലും യൂണിയൻ പ്രവർത്തകരുടെ പേരിലുമായി ചാർജ്ജ് ചെയ്യിട്ടുള്ളതും ചെയ്യിട്ടില്ലാത്തതുമായ എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) ഈ കേസുകൾ പിൻവലിക്കുന്നതിന് ഗവണ്മെൻറ് ശ്രദ്ധിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) നാല കേസുകൾ.

(ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ബോട്ടുകളിലെ ചരക്കുകയറ്റം.

* 669. [43] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെക്കണ്ടെന്ന ചോദ്യത്തിനു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സാധാരണ യാത്രാബോട്ടുകളിൽ ചരക്കുകൾ കയറ്റുന്നതിനുള്ള അനുവാദം കൊടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ബോട്ടുകളുടെ വലിപ്പമനുസരിച്ചു് കയറ്റാവുന്ന ചരക്കിന്റെ തോതു് എന്തെന്നു പറയാമോ;

(ബി) ചരക്കുകൾ കയറ്റുമ്പോൾ നിശ്ചിത പരിധിക്കപ്പുറം മുങ്ങുന്നുണ്ടോയെന്നു് പരിശോധിക്കുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരെ? എങ്ങിനെയാണു് അവർ പരിശോധിക്കുന്നതു്?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) യാത്രാ ബോട്ടുകളിൽ ചരക്കുകൾ കയറ്റുന്നതു് അനുവദിച്ചിട്ടുണ്ടു്. ബോട്ടിൽ കയറ്റാൻ അനുവദിച്ചിട്ടുള്ള പാസഞ്ചർ കപ്പാസിറ്റിയുടെ മുന്നിലൊരുഭാഗമാണു് ചരക്കു കൊണ്ടുപോകുവാൻ അനുവദിച്ചിട്ടുള്ളതു്.

(ബി) ജെട്ടി സൂപ്രണ്ടുമാരെ അതിനു ചുമതലപ്പെടുത്തിയിട്ടുണ്ടു്. പബ്ലിക്ക് Canal ഉം Public Ferries ഉം നിയമമനുസരിച്ചുള്ള പരിധി കടന്നു് കൂടുതൽ ചരക്കു കൊണ്ടുപോകുന്നുണ്ടോ എന്നു പരിശോധിക്കുന്നുണ്ടു്.

Works without calling for tenders.

* 670. [48] **Shri M. William:** Will the Minister for Works be pleased to state:

(*a*) how many works have been done after 11th August 1954 up to February 10th 1955 without calling for tenders;

(*b*) if any work is done without tender, what is the reason for it;

(*c*) has any construction been put up in the Police compound, Thuckalai for housing the Special Magistrate's Court;

(*d*) how much did it cost the Government; and

(*e*) is it a fact that the above said construction is unfit to be a Court house and will cost only less than ten thousand rupees?

Minister for Works **(Shri K. I. Velayudhan):** (*a*) Two.

(i) Construction of the Special Magistrate's Court at Thuckalai; and

(ii) Conveyance of Bitumen from Cochin to Kottayam.

(*b*) Due to urgency of the works.

(*c*) Yes.

LIBRARY ARCHIVES Kerala Legislative Assembly